# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 41 09.03.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്**

**എൻക്വയറി കമ്മീഷനുകൾ**

ചോദ്യം

ശ്രീ. സി. ദിവാകരൻ

മറുപടി

ഉമ്മൻ ചാണ്ടി
( മുഖ്യമന്ത്രി)

എ) കേരളത്തിൽ ഇപ്പോൾ എത്ര എൻക്വയറി കമ്മീഷനുകൾ പ്രവർത്തിക്കുന്നുണ്ട് ; എന്ന് മുതൽ ആണ് ഇവയെല്ലാം പ്രവർത്തനം ആരംഭിച്ചത് ; എന്ന് വരെയാണ് ഓരോന്നിന്റെയും കാലാവധി; എത്ര തവണ കാലാവധി നീട്ടി നൽകിയിട്ടുണ്ട്; ഇതുവരെ ഓരോ കമ്മീഷന്റെയും ചെലവ് എത്രയാണെന്ന് വിശദമാക്കുമോ?

(എ) സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ക്രമക്കേടുകളും അന്വേഷിക്കുന്നതിനായി ആഭ്യന്തര വകുപ്പ് നിയമിച്ച ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷൻ 28.10.2013-മുതൽ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത കമ്മീഷന്റെ കാലാവധി മൂന്നു തവണ നീട്ടി നല്കിയിട്ടുള്ളതും 27.10.2015-ൽ കാലാവധി അവസാനിക്കുന്നതുമാണ്. സോളാർ അന്വേഷണ കമ്മീഷന് 03.03.2015 വരെ 20,88,503/- രൂപ ചെലവായിട്ടുണ്ട്.

സംസ്ഥാനത്ത് നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന വാഹനാപകടങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തി അപകടങ്ങൾക്കുള്ള യഥാർത്ഥ കാരണങ്ങൾ കണ്ടെത്തുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വേണ്ടി ജസ്റ്റിസ് (റിട്ട.) റ്റി. കെ. ചന്ദ്രശേഖര ദാസിനെ അന്വേഷണ കമ്മീഷനായി ഗതാഗത വകുപ്പ് 10.10.2013-ൽ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷന്റെ കാലാവധി 3 തവണ നീട്ടി നല്കിയിട്ടുണ്ട്. 04.03.2015 വരെ പ്രസ്തുത കമ്മീഷന് 78,85,000/- രൂപ ചെലവായിട്ടുണ്ട്.

നാടാർ സമുദായത്തിന്റെ പിന്നോക്ക അവസ്ഥ പഠിക്കുന്നതിനായി റിട്ട. ജസ്റ്റിസ് എം. ആർ. ഹരിഹരൻ നായരെ അന്വേഷണ കമ്മീഷനായി പിന്നാക്ക സമുദായ വികസന വകുപ്പ് നിയമിച്ചിട്ടുണ്ട്. 01.01.2015 മുതൽ പ്രവർത്തനം ആരംഭിച്ച കമ്മീഷന്റെ കാലാവധി 6 മാസമാണ്. കമ്മീഷന് തുക അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ